## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3973** — **31.01.2014** ൽ മറുപടിയ്ക്ക്

### മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് കീഴിലെ ലബോറട്ടറികളിലെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് മൈനിങ് & ജിയോളജി വകുപ്പിന്റെ കീഴിൽ എത്ര ലബോറട്ടറികളുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മൈനിങ് & ജിയോളജി വകുപ്പിന്റെ കീഴിൽ കെമിക്കൽ ലബോറട്ടറി, മിനറോളജി & ജെം ടെസ്റ്റിംഗ് ലബോറട്ടറി എന്നീ രണ്ട് തരം ലബോറട്ടറികളാണുള്ളത്. ഈ ലബോറട്ടറികൾ തിരുവനന്തപുരത്തുള്ള മൈനിങ് & ജിയോളജി ഡയറക്ടറുടെ ആസ്ഥാന കാര്യാലയത്തിന്റെ ഭാഗമായാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത ലബോറട്ടറികളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | കെമിക്കൽ ലാബിൽ സ്വർണ്ണം, വെള്ളി, ചെമ്പ്, അലുമിനിയം, ഇരുമ്പ് മുതലായ അയിരുകളും സിലിക്കാസാന്റ്, ക്ലേ, പാറ മുതലായ ധാതുക്കളും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നു. കൂടാതെ മണൽ സാമ്പിൾ തരംതിരിച്ച് റിപ്പോർട്ട് നൽകുന്നു.<br><br>മിനറോളജി & ജെം ടെസ്റ്റിംഗ് ലാബിൽ പാറകളുടേയും, ധാതുക്കളുടെ തിൻ സെക്ഷൻ പരിശോധന, രത്നകല്ലുകൾ പരിശോധിച്ച് അവയുടെ ഇനവും സ്വാഭാവിക സ്റ്റോൺ ആണോ, സിന്തറ്റിക് സ്റ്റോണാണോ എന്നു തരംതിരിച്ചു റിപ്പോർട്ടും സർട്ടിഫിക്കറ്റും നൽകൽ എന്നിവയും നടത്തുന്നു. |
| (സി) | സംസ്ഥാനത്തെ ധാതു സമ്പത്തിനെക്കുറിച്ച് വിശദമായ പഠനം നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഉണ്ട്.<br>സംസ്ഥാനത്തെ ധാതു സമ്പത്തിനെക്കുറിച്ച് മൈനിംഗ് & ജിയോളജി വകുപ്പിന്റെ എക്സ്പ്ലറേഷൻ വിഭാഗം പഠനം നടത്തി ധാതു പര്യവേഷണങ്ങളുടെ റിപ്പോർട്ടുകൾ യഥാവിധി തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ കണ്ണൂർ ജില്ലയിലെ എരമം, ഉള്ളൂർ പ്രദേശത്ത് ചൈനാക്ലേ, ബോക്സൈറ്റ് പര്യവേഷണം വകുപ്പ് നടത്തിവരുന്നു. കൊല്ലം ജില്ലയിലെ കുണ്ടറ പ്രദേശത്തും ചൈനാക്ലേ പര്യവേഷണം നടത്തുന്നുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**